## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4198.** **16.03.2017 ന് മറുപടിയ്ക്ക്**

## വ്യാജ മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉൽപ്പാദനവും വിതരണവും

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ് :** | | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് എത്ര ലിറ്റർ വ്യാജമദ്യം പിടിച്ചെടുത്തിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 25/05/2016 തീയതി മുതൽ 28/02/2017 തീയതി വരെ 1327.7 ലിറ്റർ സ്പിരിറ്റ്, 2986.88 ലിറ്റർ ചാരായം 123121 ലിറ്റർ കോട, 9187.97 ലിറ്റർ അന്യസംസ്ഥാന മദ്യം, 1137.18 ലിറ്റർ മറ്റ് വ്യാജമദ്യങ്ങൾ മുതലായവ എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. |
| (ബി) | റെയ്ഡിൽ എത്ര കിലോ കഞ്ചാവ് സംസ്ഥാനത്ത് പിടിച്ചെടുത്തിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 25/05/2016 തീയതി മുതൽ 28/02/2017 തീയതി വരെയുള്ള കാലയളവിൽ 667.945 കിലോഗ്രാം കഞ്ചാവ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | പുകയില ഉൽപ്പന്നങ്ങൾ അടക്കമുള്ള ലഹരി വസ്തുക്കൾ എത്ര പിടിച്ചെടുത്തിട്ടുണ്ട്; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 25/05/2016 തീയതി മുതൽ 28/02/2017 തീയതി വരെ ഹാൻസ്, പാൻപരാഗ്, സിഗരറ്റ്, ബീഡി തുടങ്ങിയവ അടക്കമുള്ള പുകയില ഉൽപ്പന്നങ്ങൾ 1318520 പാക്കറ്റും, 33781 കിലോയും എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ 2256 കഞ്ചാവ് ചെടികളും 11.246 കിലോഗ്രാം ഹാഷിഷ് ഓയിലും 39.61 ഗ്രാം ഹെറോയിനും 101 ഗ്രാം ബ്രൗൺഷുഗറും പിടിച്ചെടുത്തിട്ടുള്ളതാണ്. |
| (ഡി) | വ്യാജ മദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് | (ഡി) | വ്യാജ മദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് എക്സൈസ് വകുപ്പ് |

| | | | |
|---|---|---|---|
| | എന്തൊക്കെ കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | | ശക്തമായ പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വന മേഖലയിലെ വ്യാജ വാറ്റ് തടയുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥ രുമായി ചേർന്ന് സംയുക്ത പരിശോധന കൾ നടത്തുന്നു ണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യത്തിന്റെയും മയക്കുമരുന്നുകളു ടെയും പുകയില ഉൽപ്പന്നങ്ങളുടെയും അന ധികൃത കടത്ത് തടയുന്നതിന് ചെക്ക് പോസ്റ്റു കളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടു ള്ളതും ബോർഡർ/ഹൈവേ പട്രോളിങ് യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കി യിട്ടുള്ളതുമാണ്. എക്സൈസ് ഇന്റലിജൻസ്, ഷാഡോ എക്സൈസ് വിഭാഗങ്ങളും ഫലപ്രദ മായി പ്രവർത്തിച്ചു വരുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമു ക്തി"-യുടെ പ്രവർത്തനങ്ങളും ടി ലക്ഷ്യത്തി ലേക്ക് ഫലപ്രദമായി ഉപയോഗിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**